"ഭരണഭാഷ മാതൃഭാഷ",

# വ്യാവസായിക പരിശീലനവകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ : എഫ്3/13210/2016

ശാന്തിനഗർ, തിരുവനന്തപുരം-01
തീയതി : /07/2016

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ്- ലോക യുവ നൈപുണ്യദിനവാരാചരണം ഐ.ടി.ഐകളിൽ പരിപാടികൾ സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) 15/06/2016 ലെ ഇതേ നമ്പർ ചുറ്ററിയിപ്പ്.

*********

മേൽ സൂചന ചുറ്ററിയിപ്പ് പ്രകാരം സംസ്ഥാന തലത്തിൽ ലോക നൈപുണ്യവാരാചരണത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിരുന്നു. എന്നാൽ ജൂലൈ 15 ന് ലോക നൈപുണ്യദിനാചരണം ഐ.ടി.ഐ കളിലെ ട്രെയിനികളെ സംബന്ധിച്ച് തൊഴിൽ സംസ്കാരത്തിന്റെ മൂല്യം ഉയർത്തുന്ന വളരെ പ്രാധാന്യത്തോടെ നിർവഹിക്കേണ്ടതായതിനാൽ ടി ദിവസം പ്രത്യേക പരിപാടികൾ ഓരോ ഐ.ടി.ഐ കളിലും നടപ്പാക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി കൂട്ടയോട്ടം (Skillathon) സംഘടിപ്പിക്കാവുന്നതും അതിന്റെ ബാനറായി " Skilling Kerala " എന്ന മുദ്രാവാക്യം, തൊഴിൽ സംസ്കാരത്തിന്റെ പ്രാധാന്യം ഉയർത്തുന്ന ബാനറുകൾ (ഡിസൈൻ ഡയറക്ടറേറ്റിൽ നിന്നും ലഭ്യമാക്കുന്നതാണ്). പൊതുജന ശ്രദ്ധ ആകർഷിക്കും വിധം പ്രദർശിപ്പിക്കേണ്ടതുമാണ്. പ്രത്യേക അസംബ്ലിയിൽ ഇതുമായി ബന്ധപ്പെട്ട ഉത്ബോധനങ്ങളും, മോഡലുകളുടെ പ്രദർശനം എന്നിങ്ങനെ സാധ്യമായ എല്ലാ പരിപാടികളും ഇതോടൊപ്പം സംഘടിപ്പിക്കാവുന്നതാണ്. മാധ്യമ ശ്രദ്ധ, പൊതുജന പങ്കാളിത്തം എന്നിവ കൂടി ഉറപ്പാക്കേണ്ടതാണ്.

ഇത്തരത്തിൽ നടത്തുന്ന പരിപാടികളെ സംബന്ധിച്ച റിപ്പോർട്ട് ഈ കാര്യാലയത്തിൽ നൽകേണ്ടതുമാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ് :- എല്ലാ ഐ.ടി.ഐപ്രിൻസിപ്പാൾമാരും/സ്ഥാപന മേധാവികളും /പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും.
(വകുപ്പ് വെബ് സൈറ്റ് മുഖേന)

(എല്ലാ ഐ.ടി മാരും അവരവരുടെ കീഴിലുള്ള സർക്കാർ, സ്വകാര്യ ഐ.ടി.ഐ കളിൽ പരിപാടി സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകേണ്ടതാണ്)